# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 20, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| <u>മറുപടി നൽകുന്ന മന്ത്രിമാർ</u> |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

## <u>ഡെങ്കിപ്പനി ബാധിതർ</u>

*211 ശ്രീ. ബി. സത്യൻ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ഡെങ്കി പനി വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി നിയന്ത്രിച്ചില്ലെങ്കിൽ മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിച്ച് ആരോഗ്യ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം മനസ്സിലായിട്ടുണ്ടോ;

(ബി) ഈ പ്രശ്നത്തിൽ എന്ത് അടിയന്തിര നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത്;

# കേരള നിയമസഭ

## 20.06.2012-ലെ മറുപടിക്ക്

(സി) തലസ്ഥാന നഗരി പകർച്ച വ്യാധികളുടെ പിടിയിലമരാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) ഡെങ്കിപനി ബാധിതരുടെ ജനുവരി ഒന്നു മുതലുള്ള കണക്കുകൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്ക് പുതുതായി തൊഴില്‍ സാഹചര്യങ്ങള്‍ ഒരുക്കാന്‍ നടപടി</u>

*212 ശ്രീ. ലൂഡി ലൂയിസ്
,, വി. ഡി. സതീശന്‍
,, അന്‍വര്‍ സാദത്ത്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാര്‍ക്ക് പുതുതായി എന്തെല്ലാം തൊഴില്‍ സാഹചര്യങ്ങളാണ് ഒരുക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മാറുന്ന തൊഴില്‍ സാഹചര്യങ്ങളില്‍ ഇടംപിടിക്കാന്‍ കഴിയുന്ന തരത്തില്‍ വൈദഗ്ദ്ധ്യവികസന പരിപാടികള്‍ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ട്?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

<u>ജലാശയങ്ങളെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി</u>

*213 ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ പ്രധാനപ്പെട്ട പത്ത് ജലാശയങ്ങളെ മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യം മുന്‍നിര്‍ത്തി കേന്ദ്രത്തിന് സമര്‍പ്പിച്ച പദ്ധതിക്ക് അംഗീകാരം ലഭിച്ചുവോ; എന്ത് തുകയുടെ പദ്ധതിയാണ് കേന്ദ്രത്തിന് സമര്‍പ്പിച്ചത്; വിശദാംശങ്ങള്‍ നല്കുമോ ;

(ബി) കേന്ദ്രം ആദ്യഘട്ടമായി അംഗീകരിച്ച പദ്ധതിയുടെ നടത്തിപ്പ് ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ; ആയതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) പ്രസ്തുത പദ്ധതികളില്‍ അംഗീകാരം ലഭിക്കാത്തവയുടെ കാര്യത്തില്‍ തുടര്‍നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>എസ്.എ.റ്റി.യിലെ ശിശുമരണം</u>

*214 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. രാജേന്ദ്രൻ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എ.റ്റിയിലെ വർദ്ധിച്ച തോതിലുള്ള ശിശുമരണത്തെക്കുറിച്ചുള്ള വാർത്തകൾ സ്വകാര്യ ആശുപത്രികളെ സഹായിക്കാൻ വേണ്ടി നിക്ഷിപ്ത താൽപര്യക്കാർ നടത്തുന്ന പ്രചരണമാണെന്ന് വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനമെന്തായിരുന്നു എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ മറ്റ് ആശുപത്രികളിലെയും ദേശീയതലത്തിലെയും ശരാശരിയുമായി താരതമ്യപഠനം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വീഴ്ചക്കിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

*215 ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജെ. ഐ. സി. എ.)യുടെ സഹായത്തോടെ എന്ത് തുകയുടെ ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും; അവ ഏതെല്ലാം ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ യൂണിറ്റ്

*216 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ജി. സുധാകരൻ
,, ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) ആയുർവ്വേദ ഔഷധങ്ങളെന്ന പേരിൽ വ്യാജപരസ്യം നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ആർക്കെല്ലാമെതിരെ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ഏജൻസികൾ വഴിയുള്ള കുടിവെള്ള വിതരണം</u>

*217 ശ്രീ. സി. കെ. സദാശിവൻ
,, എസ്. ശർമ്മ
,, എ. പ്രദീപ് കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളവിതരണത്തിനായി ജനങ്ങൾ സ്വകാര്യ വിതരണക്കാരെ ആശ്രയിക്കേണ്ടിവരുന്നത് സർക്കാർ സംവിധാനം വീഴ്ചമൂലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന വെള്ളം ഗുണമേന്മയുള്ളതാണെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്ങനെയാണ് ഗുണനിലവാരം ഉറപ്പുവരുത്തുന്നതെന്നറിയിക്കാമോ ;

(സി) പാനയോഗ്യമല്ലാത്ത വെള്ളത്തിലൂടെ പകർച്ചവ്യാധികൾ പടരുന്നത് മനസ്സിലാക്കിയിട്ടുണ്ടോ ; ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം നടത്തിയതിന് എത്ര കുടിവെള്ള വിതരണക്കാർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

ഡാമുകളിൽ നിന്ന് മണൽ ശേഖരിക്കുന്നതിന് നടപടി

*218 ശ്രീ. ബി.ഡി. ദേവസ്സി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പുവക ഡാമുകളിൽ നിന്ന് മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) പദ്ധതി പ്രാവർത്തികമായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനം നേരിടുന്ന കടുത്ത മണൽക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>ജലാശയങ്ങളുടെ സംരക്ഷണം</u>

*219 ശ്രീ. സണ്ണി ജോസഫ്
,, സി.പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സംരക്ഷിക്കേണ്ട കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ കണ്ടെത്തുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(ഡി) ഇവയുടെ സംരക്ഷണം ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>കുടിവെള്ളവിതരണം - കരാർ വ്യവസ്ഥകളുടെ ലംഘനം</u>

*220 ശ്രീ. കെ.കെ. നാരായണൻ
,, എളമരം കരീം
,, കെ. രാധാകൃഷ്ണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനജലസ്രോതസ്സുകളിൽ നിന്നും കുടിവെള്ള വിതരണം ചെയ്യുന്നതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) കുടിവെള്ളം എത്തിക്കുന്നതിന് കരാറെടുത്തിട്ടുള്ളവർ കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ അവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ;

(സി) കരാറിൽ ഏർപ്പെടാതെയും വ്യവസ്ഥകൾ ലംഘിച്ചും കുടിവെള്ള വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>ആഭ്യന്തര വിനോദസഞ്ചാരം</u>

*221 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ചുളള നയസമീപനം വ്യക്തമാക്കുമോ;

(സി) പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നതിനും പ്രകൃതിയെക്കുറിച്ച് പഠിക്കുന്നതിനും ഉതകുന്ന വളരെ ചെറിയ ടൂറിസ്റ്റ് സ്പോട്ടുകൾ കണ്ടെത്തുന്നതിന് വേണ്ടി പഠനം നടത്തുന്നുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നല്കാമോ;

(ഡി) ജനങ്ങളിൽ വിനോദസഞ്ചാര ആഭിമുഖ്യം വളർത്താൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>കടൽ ജലത്തിൽ നിന്നും കുടിവെള്ളം</u>

*222 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചുവോ ;

(ബി) ഇതിനായി 6.01.2012-ൽ കേരള ജല അതോറിറ്റി സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനത്തിന് ചുമതലയേറ്റ 'വാസ്കോണിന്റെ' റിപ്പോർട്ട് ലഭിച്ചുവോ ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) ചെന്നൈയിലും, കവരത്തിയിലും കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി വിജയകരമായി നടത്തിവരുന്നത് കണക്കിലെടുത്ത് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി നടപ്പു സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമോ ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം</u>

*223 ശ്രീ. റ്റി. വി. രാജേഷ്
,, പി. കെ. ഗുരുദാസൻ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ വേതനവും, ജീവിതസാഹചര്യവും ഉറപ്പാക്കാനും തൊഴിൽ ചൂഷണം ഒഴിവാക്കാനും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധികളിൽ അംഗത്വമെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ കുറവാണ് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരമാവധി തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

<u>അണുബാധയേറ്റ് മരണമടഞ്ഞ കുഞ്ഞുങ്ങൾ</u>

*224 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി. ഗീതാ ഗോപി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അണുബാധയേറ്റ് കഴിഞ്ഞ ഒരു വർഷത്തിനുളളിൽ കുഞ്ഞുങ്ങൾ മരണമടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിൽ എത്ര കുഞ്ഞുങ്ങൾ വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുഞ്ഞുങ്ങൾക്ക് അണുബാധയേൽക്കാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരത്തിലുളള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ കടാശ്വാസ പദ്ധതി</u>

*225 ശ്രീ. അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ ദുർബല വിഭാഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇവർക്കായി ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) എന്തെല്ലാം ആശ്വാസങ്ങളാണ് ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുവാനാകുന്നത് ;

(ഡി) ഒറ്റത്തവണ തീർപ്പാക്കാൻ സംവിധാനം പ്രസ്തുത പദ്ധതിയ്ക്ക് ബാധകമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

ജലവിഭവ വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

*226 ശ്രീ. പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>കേന്ദ്രീകൃത കുടിവെള്ള കണക്ഷന്‍ സംവിധാനം</u>

*227 ശ്രീ. പി. കെ. ഗുരുദാസന്‍
,, എം. ചന്ദ്രന്‍
,, റ്റി. വി. രാജേഷ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്

**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍സര്‍ക്കാര്‍ നഗരങ്ങളില്‍ നടപ്പാക്കിയ കുടിവെള്ള കണക്ഷന്‍ നല്‍കാനുള്ള കേന്ദ്രീകൃത സംവിധാനം നിര്‍ത്തലാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തു നടപ്പാക്കിയ ഈ പദ്ധതിയില്‍ കൃത്യമായി രേഖകള്‍ ഹാജരാക്കുന്ന അപേക്ഷകര്‍ക്ക് കാലതാമസം കൂടാതെ കുടിവെള്ള കണക്ഷന്‍ ലഭ്യമാക്കിയിരുന്നതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(സി) ഫ്ളാറ്റ് ലോബിയുടെ സമ്മര്‍ദ്ദമാണ് ഈ പദ്ധതി അട്ടിമറിക്കപ്പെടുവാന്‍ കാരണമെന്ന വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ഈ സംവിധാനം നിലനിര്‍ത്താന്‍ സത്വര നടപടികള്‍ കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രി ജീവനക്കാരുടെ യോഗ്യത</u>

*228 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ.കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരുടെ യോഗ്യത ഉറപ്പാക്കാൻ ആരോഗ്യവകുപ്പിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സേവന വ്യവസ്ഥകൾ നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) നിയമാനുസൃത യോഗ്യതയില്ലാത്തവരെ നിയമിച്ചതിന്റെ പേരിലും സേവനവ്യവസ്ഥകൾ നിയമാനുസൃതമല്ലാത്തതിന്റെ പേരിലും ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

കേരളത്തിൽ വ്യാജ വെളിച്ചെണ്ണ വിപണനം

T*229 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാജവെളിച്ചെണ്ണ വിപണനം ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കുന്നതായി റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ വിലയ്ക്ക് തമിഴ്നാട്ടിൽ നിന്നു ലഭിക്കുന്ന വ്യാജ വെളിച്ചെണ്ണയുടെ വിപണനം, കേരളത്തിൽ വെളിച്ചെണ്ണ വിലയിൽ ഇടിവുണ്ടാക്കി കേരകർഷകർക്ക് വൻനഷ്ടം ഉണ്ടാക്കുന്നതായ വിവരം പരിശോധിച്ചിട്ടുണ്ടോ;

(സി) വ്യാജ വെളിച്ചെണ്ണ നിർമ്മാണത്തിന് പാരഫിൻ എണ്ണ പോലുള്ള ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വ്യാപാരമേഖലയെ ദോഷകരമായി ബാധിക്കുന്നതും ഗുരുതരആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നതുമായ വ്യാജവെളിച്ചെണ്ണ വിപണനം സംസ്ഥാനത്ത് നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ഭവന പദ്ധതി</u>

*230 ശ്രീ. വി. പി. സജീന്ദ്രന്‍
,, സി.പി മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാര്‍ക്കുള്ള സമ്പൂര്‍ണ്ണ ഭവന പദ്ധതി ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്താക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കിയപ്പോള്‍ ഒഴിഞ്ഞു പോയ കുടുംബങ്ങള്‍ക്കും വീടു നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിര്‍മ്മാണം തുടങ്ങി വച്ച വീടുകളുടെ നിര്‍മ്മാണം സമയബന്ധിതമായി പൂര്‍ത്തിയാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>നിലവാരമില്ലാത്ത സ്വാശ്രയ മെഡിക്കൽ, ഡന്റൽ, നേഴ്സിംഗ് കോളേജുകൾ</u>

*231 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലക്കു കീഴിൽ നിലവാരമില്ലാത്ത സ്വാശ്രയ കോളേജുകളുണ്ടോ; ഉണ്ടെങ്കിൽ ഏറ്റവും നിലവാരത്തകർച്ചയുള്ളതായി കണ്ടെത്തിയ മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ് കോളേജുകൾ ഏതെല്ലാം;

(ബി) ഈ കോളേജുകളുടെ നിലവാരത്തകർച്ച കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാം; ഇവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത സ്വാശ്രയ കോളേജുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം</u>

*232 ശ്രീ. കെ.എൻ.എ. ഖാദർ
,, എം.പി. അബ്ദുസ്സമദ് സമദാനി
,, പി.ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൂറിസം പ്രമോഷൻ കൗൺസിലുകൾ കണ്ടെത്തി വികസിപ്പിച്ച നിരവധി കേന്ദ്രങ്ങൾ പ്രവർത്തന വൈകല്യം മൂലം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും കെടുകാര്യസ്ഥതയ്ക്കുമെതിരെ നടപടി സ്വീകരിക്കുമോ

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നവീകരണം</u>

*233 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പദ്ധതി</u>

*234 ശ്രീ. പി. റ്റി. എ. റഹീം
,, എളമരം കരീം
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ അഹാഡ്സ് മാതൃകയിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 1400 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര സഹായം എത്ര കോടിയാണ്;

(സി) പ്രഖ്യാപിത പദ്ധതിയിൻകീഴിൽ എത്രകോടി രൂപ ഏതെല്ലാം ഇനത്തിൽ ഇതിനകം ചെലവഴിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

## മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം

*235 ശ്രീ. സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയിൽ നിന്നുള്ള മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിന് ഇന്നുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ;

(ബി) ആയതിനായി എന്തെങ്കിലും കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്വകാര്യമേഖലയിലെ ആശുപത്രികൾ, മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ചികിത്സാ കേന്ദ്രങ്ങൾ എന്നിവ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് അനുവർത്തിച്ചുവരുന്ന രീതി പരിശോധിക്കുന്നുണ്ടോ; എങ്കിൽ പരിശോധനയിൽ ലഭ്യമായ പൊതുവിവരം എന്താണ്; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്താറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2012-ലെ മറുപടിക്ക്

ജല-പരിസ്ഥിതി സൗഹൃദ കാമ്പസുകൾ

*236 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കോളജ് കാമ്പസുകളെ ജല-പരിസ്ഥിതി സൗഹൃദ കാമ്പസുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സമൃദ്ധമായ ശുദ്ധജലം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

വിനോദസഞ്ചാരികൾക്കു വേണ്ട സൗകര്യങ്ങൾ

*237 ശ്രീ. സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ടൂറിസം വകുപ്പ് മുൻകൈയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) നഗരങ്ങളുടെയും, ഗ്രാമങ്ങളുടെയും സ്വാഭാവിക ഭംഗി നഷ്ടപ്പെടുത്തുന്ന ഫ്ളക്സ് ബോർഡുകളുൾപ്പെടെയുള്ള പരസ്യ പ്രോജക്ടുകൾ നിയന്ത്രിക്കാനും മലിനമായ ജലസ്രോതസ്സുകൾ ശുദ്ധീകരിക്കാനും ടൂറിസം വകുപ്പിന് പദ്ധതിയുണ്ടോ ? വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>ആന്റി റാബിസ് വാക്സിൻ</u>

*238 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, കെ.എം. ഷാജി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേവിഷബാധയുള്ള വളർത്തുമൃഗങ്ങളുടെ കടിയേറ്റ് ആശുപത്രികളിലെത്തുന്നവർക്ക് റാബിസിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ആന്റി റാബിസ് വാക്സിൻ സൗജന്യമായി നൽകാൻ ഏതൊക്കെ ആശുപത്രികളിലാണ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആയതിനുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എവിടെയെല്ലാം ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) എല്ലാ താലൂക്ക് തല ആശുപത്രികളിലും സൗജന്യമരുന്നും, സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

## ജലസേചന കനാലുകളുടെ നവീകരണം

*239 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജലസേചന പദ്ധതികളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള കനാലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലസേചന പദ്ധതികളുടെ ഭാഗമായുള്ള കനാലുകൾ വേനൽക്കാലത്ത് വലിയ തോതിൽ ജനങ്ങൾക്ക് ഉപകാരപ്രദമായി മാറുന്ന സാഹചര്യം കണക്കിലെടുത്ത് ഉപകനാലുകൾ പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2012-ലെ മറുപടിക്ക്

<u>പ്രത്യേക തൊഴിൽമേഖല</u>

*240 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻനായർ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക തൊഴിൽ മേഖല രൂപവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രത്യേക തൊഴിൽ മേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എവിടെയൊക്കെയാണ് ഇത് രൂപവത്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 11.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.